സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

ഇ. എ. എൽ. പി. എസ്.
വെള്ളപ്പാറ

## ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ
അദ്ധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കാൻ ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## ആമുഖം

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രൈമറി വിദ്യാലയമാണ് EALPS വെള്ളപ്പാറ. 1930 ലാണ് സ്കൂൾ സ്ഥാപിതമായത്. 1 മുതൽ 4 വരെ ക്ലാസുകളാണ് സ്കൂളിൽ ഉള്ളത്.

## വിദ്യാലയത്തിന്റെ ചരിത്രം

കൈപ്പട്ടൂർ തേരകത്ത് തെക്കേവീട്ടിൽ പരേതനായ ശ്രീ. മത്തായി മുതലാളിയുടെ ആധ്യാത്മിക പ്രേരണയാൽ സാധുജനങ്ങളുടെ ഇടയിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനായും അവരെ വിദ്യാഭ്യാസമുള്ളവരായി തീർക്കുന്നതിനുമായിട്ടാണ് ഈ വിദ്യാലയം സ്ഥാപിതമായത്. തുടർന്ന് മർത്തോമ്മ സുവിശേഷ സംഘം സ്കൂളിന്റെ ഭരണം ഏറ്റെടുക്കുകയും മർത്തോമ്മ കോർപ്പറേറ്റീവ് മാനേജ്മെന്റിന് വിട്ടുനൽകുകയും ചെയ്തു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ വിദ്യാലയത്തിൽ നിന്ന് പഠനം പൂർത്തിയാക്കിയ പലരും ഇന്ന് ഉയർന്ന നിലകളിൽ പ്രവർത്തിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം.

അക്കാദമിക മികവ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയം ഉൾക്കൊണ്ട് വരും വർഷങ്ങളിൽ പാഠ്യപദ്ധതിയുടെ പുനരവലോകനവും ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാകുന്ന പഠനപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിക്കാനുള്ള നടപടികളും ഫലപ്രദമായ വിവരസാങ്കേതിക വിദ്യാഭ്യാസം ഇംഗ്ലീഷ് വിദ്യാഭ്യാസം വായനാ സാമഗ്രികളുടെ ശേഖരണം. കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മാണം. ലൈബ്രറി വികസിപ്പിക്കൽ. കുട്ടികളെ വായനാശീലമുള്ളവരാക്കുക. വാക്യഘടന പാലിച്ച് പൂർണ്ണ ആശയത്തോടെ എഴുതുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| പഠന നിലവാരം - കുട്ടികളിലെ പഠന നിലവാരം പരിശോധിക്കാൻ | ജൂൺ | അധ്യാപകർ |
| പരിമിതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനം തയ്യാറാക്കൽ | | SRG |
| സ്കൂൾതല ലൈബ്രറി സജ്ജീകരണം | ജൂൺ - മാർച്ച് | അധ്യാപകർ |
| വിദ്യാരംഗം പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഴ്ചയിലൊരിക്കൽ | അധ്യാപകർ, കുട്ടികൾ |
| ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മത്സരം സംഘടിപ്പിക്കൽ അവതരിപ്പിക്കൽ | വിദ്യാരംഗം | വിദ്യാരംഗം കൺവീനർ |
| ക്വിസ് മത്സരങ്ങൾ നടത്തുക | ജൂൺ - മാർച്ച് | അധ്യാപകർ |
| ക്ലാസ് ലൈബ്രറി | ജൂൺ | അധ്യാപകർ |
| ഹോം ലൈബ്രറി | ജൂലൈ | രക്ഷകർത്താവ് |
| കുട്ടികളുടെ നിലവാരത്തിനനുസൃതമായി പുസ്തകം തെരഞ്ഞെടുത്ത് വായനാ കുറിപ്പ് തയ്യാറാക്കൽ, അവതരണം, പതിപ്പ് തയ്യാറാക്കൽ, പ്രദർശനം | ജൂൺ - മാർച്ച് | അധ്യാപകർ, പ്രേരക HM |
| ഭിന്നശേഷിക്കാർക്ക് ചിത്രവായന, അക്ഷര കാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം വാക്യ നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ, രക്ഷകർത്താവ് |
| ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തൽ, കുട്ടികളുടെ വായന, അസംബ്ലിയിൽ അവതരണം | ജൂൺ - മാർച്ച് | അധ്യാപകർ, പ്രധാനാധ്യാപിക |

| | | |
|---|---|---|
| കുട്ടികൾക്കും രക്ഷിതാക്കൾക്കും ലൈബ്രറി പുസ്തകങ്ങൾ മാറി വായിക്കാനുള്ള അവസരം | ജൂൺ-മാർച്ച് | മാതൃസമിതി |
| ശില്പശാല | | |
| സചിത്ര നോട്ടുപുസ്തകം, തയ്യാറാക്കുന്നതിനായി എല്ലാ മാസവും ശില്പശാലകൾ നടത്തുന്നു. | ജൂൺ-മാർച്ച് | SRG, അധ്യാപകർ, രക്ഷകർത്താക്കൾ |
| അമ്മ വായന | | |
| രക്ഷകർത്താക്കൾ കൂടാതെ സമൂഹത്തിലെ മറ്റുള്ളവർക്കും വായിക്കാൻ അവസരം നൽകുകയും വായനാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വാർഷികത്തിൽ പാരിതോഷികം നൽകൽ | ജൂൺ-മാർച്ച് | അധ്യാപകർ, മദർ പി.ടി.എ |
| സർഗ്ഗവേള | | |
| അതാത് ആഴ്ചകളിലെ ക്ലാസ് മുറി പ്രവർത്തനങ്ങൾ, കഥ, കവിത, വായനാ കുറിപ്പ്, രചനാപരിചയ കുറിപ്പ് തുടങ്ങിയവയുടെ അവതരണം | എല്ലാ മാസവും ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം കൺവീനർ |
| മലയാളത്തിളക്കം | | |
| വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ | ജൂലൈ-മാർച്ച് | അധ്യാപകർ |

| | | |
|---|---|---|
| രക്ഷകർത്താക്കളെ ക്ലാസ് പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ<br>പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് അധികസമയം കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നൽകൽ | എല്ലാ മാസവും | അധ്യാപകർ<br>പ്രധാന അധ്യാപിക. |
| ദിനാചരണം, സാഹിത്യകാരന്മാർ സാഹിത്യകാരികൾ ഇവരെ പരിചയപ്പെടുത്തൽ. | ദിനം-പ്രതി<br>ദിനത്തിന്റെ പ്രത്യേകതയനുസരിച്ച്. | അധ്യാപകർ<br>അധ്യാപകർ. |
| ഇംഗ്ലീഷ് ഭാഷാപഠനം<br>My Own English<br>ലക്ഷ്യങ്ങൾ<br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും ശേഷി വികസിപ്പിക്കുക.<br>പ്രവർത്തനങ്ങൾ<br>പഠനനില കണ്ടെത്തൽ<br>Pre-Test നടത്തി വിലയിരുത്തും.<br>ICT സാധ്യത ഉപയോഗപ്പെടുത്തൽ. | | |
| English dictionary തയ്യാറാക്കൽ<br>English library. | മാസം പ്രതി | അധ്യാപകർ |
| Short story, Poems, Riddles Puzzles. | വാരം പ്രതി | അധ്യാപകർ |
| കുട്ടികളുടെ സൃഷ്ടികൾ പ്രദർശനം.<br>വിഷയബന്ധിതം. | | PTA |

| | | |
|---|---|---|
| മേഖല - അക്കാദമികം<br>ശാസ്ത്രപഠനം<br>പ്രവർത്തനം - നമുക്കു ചുറ്റും.<br>ലക്ഷ്യങ്ങൾ - ഒന്നു മുതൽ നാലുവരെ<br>യുള്ള ക്ലാസുകളിലെ പരിസരപഠന<br>പ്രവർത്തനങ്ങൾ ഫലപ്രദമായി<br>ചെയ്യുന്നതിനും എല്ലാ കുട്ടികളും<br>പഠനത്തെ ഉറപ്പാക്കുന്നതിനും.<br>പ്രവർത്തനങ്ങൾ<br>പഠനനിലവാരം കണ്ടെത്താൻ പരി-<br>മിതികൾ പരിഹരിക്കുന്നതിനാവശ്യ<br>മായ പ്രവർത്തനങ്ങൾ കണ്ടെത്ത- | | |
| ൽ സസ്യങ്ങളെ നിരീക്ഷിക്കൽ<br>പട്ടികപ്പെടുത്തൽ.<br>ഔഷധ സസ്യങ്ങൾ<br>ഫലവൃക്ഷങ്ങൾ<br>ചെടികൾ | ജൂൺ | അധ്യാപകർ |
| പച്ചക്കറിത്തോട്ടം<br>പച്ചക്കറിത്തോട്ടം സ്കൂൾ പരിസ-<br>രത്തും, വീടുകളിലായി തുടങ്ങി<br>പോകുന്നു.<br>കൃഷിയോടുള്ള താൽപര്യം വർദ്ധി-<br>പ്പിക്കുന്നു, വളർത്തിയെടുക്കുന്നു.<br>പരിസര പഠനവുമായി ബന്ധ<br>പ്പെട്ട പരീക്ഷണ നിരീക്ഷണങ്ങൾ<br>നടത്തുന്നു.<br>ശാസ്ത്രജ്ഞന്മാരെ പരിചയ<br>പ്പെടൽ<br>പരീക്ഷണ വസ്തുക്കൾ<br>സ്വയം കണ്ടെത്തൽ<br>പരീക്ഷണം സ്വയം ചെയ്യൽ. | ജൂൺ | അധ്യാപകർ<br>രക്ഷകർ-<br>ത്താക്കൾ<br>കുട്ടികൾ. |

പരീക്ഷണ ശില്പശാല
1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ ചെറിയതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കൽ പ്രോജക്ട് ചെയ്യാനുള്ള ഓരോന്ന് പാഠഭാഗവുമായി ബന്ധപ്പെട്ടവ.

---

## പ്രവർത്തനം

ക്ലാസിലെ പതിപ്പുകൾ

ലക്ഷ്യം ആശയങ്ങൾ വിവിധതരത്തിൽ ശേഖരിച്ച് ക്രമീകരിക്കുന്നതിനുള്ള കഴിവ് നേടും.

പ്രവർത്തനങ്ങൾ: വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുക ക്ലാസ്സിലെ പതിപ്പുകൾ ഒരുക്കൽ.

## പ്രവർത്തനം

എന്റെ വായനാ കുറിപ്പുകൾ

ലക്ഷ്യം :- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ: വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ക്ലാസ് [illegible] വർദ്ധിച്ച വായന)

## പ്രവർത്തനം

ചുമരാലേഖനം

ലക്ഷ്യം: ആശയങ്ങൾ വിവിധതരത്തിൽ ശേഖരിച്ച് ക്രമീകരിക്കുന്നതിനുള്ള കഴിവ് നേടുക.